**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2116** **30-09-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനിലെ സി.സി.ടി.വി. ദൃശ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന പ്രതികൾക്കു നേരെ മൂന്നാം മുറ പ്രയോഗിച്ചതായി പരാതിപ്പെടുന്ന കേസുകളിൽ പോലീസ് സ്റ്റേഷനിലെ സി. സി. ടി. വി. ദൃശ്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പോലീസ് സ്റ്റേഷനിലെ സി.സി.ടി.വി ദൃശ്യങ്ങൾ നൽകുന്നത് പരാതിക്കാർ, പ്രതികൾ, വിവിധ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വിവരങ്ങൾ നൽകുവാൻ പോലീസ് സ്റ്റേഷനിൽ എത്തുന്നവർ എന്നിവരുടെ സ്വകാര്യതയെയും സുരക്ഷയെയും ബാധിക്കും. അതോടൊപ്പം POCSO, RAPE മുതലായ കേസുകളിലെ പരാതിക്കാരുടെ വിവരങ്ങൾ പുറത്തുവിടുന്നത് നിയമ പ്രകാരം ശിക്ഷാർഹമാണ്. ആയതിനാൽ ഇക്കാര്യങ്ങൾ പരിശോധിച്ചതിനു ശേഷമാണ് പോലീസ് സ്റ്റേഷനിലെ സി.സി.ടി.വി ദൃശ്യങ്ങൾ വിവരാവകാശ നിയമ പ്രകാരം നൽകുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുന്നത്. |
| (ബി) | നിയമ തടസ്സമില്ലെങ്കിൽ എത്ര ദിവസത്തിനകം സി. സി. ടി. വി. ദൃശ്യങ്ങൾ നൽകണമെന്ന് നിഷ്കർഷിക്കുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ; | (ബി) | പോലീസ് സ്റ്റേഷനിലെ സി.സി.ടി.വി ദൃശ്യങ്ങൾ നൽകുന്നത് പരാതിക്കാർ, പ്രതികൾ, വിവിധ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വിവരങ്ങൾ നൽകുവാൻ പോലീസ് സ്റ്റേഷനിൽ എത്തുന്നവർ എന്നിവരുടെ സ്വകാര്യതയെയും സുരക്ഷയെയും ബാധിക്കും. അതോടൊപ്പം POCSO, RAPE മുതലായ കേസുകളിലെ പരാതിക്കാരുടെ വിവരങ്ങൾ പുറത്തുവിടുന്നത് നിയമ പ്രകാരം ശിക്ഷാർഹമാണ്. ആയതിനാൽ ഇക്കാര്യങ്ങൾ പരിശോധിച്ചതിനു ശേഷമാണ് പോലീസ് സ്റ്റേഷനിലെ സി.സി.ടി.വി ദൃശ്യങ്ങൾ വിവരാവകാശ നിയമ പ്രകാരം നൽകുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുന്നത്. |
| (സി) | ദൃശ്യങ്ങളിൽ ക്രൂരമായ പീഡനം നടന്നതായി കണ്ടെത്തുന്ന പക്ഷം കുറ്റക്കാരായ പോലീസുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; കുറ്റക്കാരായവരെ സർവീസിൽ നിന്ന് പിരിച്ചുവിടാൻ ആവശ്യമായ നിർദേശം നൽകുമോ; വിശദമാക്കാമോ? | (സി) | കുറ്റകൃത്യത്തിന്റെ ഗുരുതര സ്വഭാവം വകുപ്പുതല അന്വേഷണത്തിൽ ലഭ്യമായ തെളിവുകൾ, കുറ്റം ചെയ്ത ഉദ്യോഗസ്ഥന്റെ മുൻകാല സേവനചരിത്രം എന്നിവ പരിഗണിച്ച് അച്ചടക്ക നടപടിയിലെ ശിക്ഷണാധികാരി, 1958 ലെ കെ പി ഡി ഐ പി & |

| | | | |
|---|---|---|---|
| | | | എ റ്റൂൾ 15 പ്രകാരമുള്ള ശിക്ഷകൾ ആണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ